I ഇ.ബി. XIV - കേരള നിയമസഭ/XV-16

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജൂൺ 27, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തരസമയം)

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 2210-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 2210-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: മലയാളം സർവ്വകലാശാലയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 2016 ജൂണിൽ സമർപ്പിച്ച റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ള വിഷയമാണ്

അടിയന്തരപ്രമേയ നോട്ടീസിൽ പ്രതിപാദിച്ചിരിക്കുന്നത്. അത് റൂൾ 50 പ്രകാരം അനുവദിക്കാൻ സാധിക്കാത്തതിനാൽ ഒന്നാമത്തെ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 03-06-2019-ലെ സർക്കാർ ഉത്തരവുപ്രകാരം പണം കൈമാറാൻ പോകുകയാണെന്നുള്ളത് അടിയന്തര സാഹചര്യമായതിനാൽ പ്രസ്തുത വിഷയം അടിയന്തരപ്രമേയമായി അവതരിപ്പിക്കുകയെന്ന പ്രതിപക്ഷത്തിന്റെ അവകാശം അനുവദിക്കേണ്ടതാണ്. ഇത് റൂൾ 50-ന്റെ പരിധിയിൽ വരുന്ന വിഷയമാണ്. പ്രതിപക്ഷത്തിന്റെ അവകാശം നിഷേധിക്കുന്ന നടപടി ശരിയല്ല.

മി. സ്പീക്കർ: 2016 ജൂണിൽ സമർപ്പിച്ച റിപ്പോർട്ടായതിനാൽ അടിയന്തര പ്രാധാന്യമുള്ള വിഷയമായി കണക്കാക്കാൻ സാധിക്കില്ല. പ്രസ്തുത വിഷയം ആദ്യത്തെ സബ്മിഷനായി അവതരിപ്പിക്കാൻ അവസരം നൽകുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഡയസിന് മുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## III ശ്രദ്ധ ക്ഷണിക്കൽ

### ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്

ശ്രീമതി സി. കെ. ആശ: കേന്ദ്ര സർക്കാർ വിൽക്കാൻ തീരുമാനിച്ച വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിലെ ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സാമ്പത്തിക പ്രതിസന്ധിമൂലം ശമ്പളമോ മറ്റാനുകൂല്യങ്ങളോ ലഭിക്കുന്നില്ല. ജീവനക്കാരുടെ പി.എഫ്., ഇ.എസ്.ഐ., ഭവനവായ്പാ ഗഡുക്കൾ, ഇൻഷ്വറൻസ് പ്രീമിയം തുടങ്ങിയവയെല്ലാം കുടിശ്ശികയായിരിക്കുന്ന സാഹചര്യത്തിൽ എച്ച്.എൻ.എൽ.-നെ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഓഹരികൾ വിറ്റഴിക്കാനുള്ള നടപടികൾ ആരംഭിച്ചപ്പോൾത്തന്നെ സംസ്ഥാനം ശക്തമായ വിയോജിപ്പ് പ്രകടിപ്പിക്കുകയും പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയയ്ക്കുകയും പൊതുമേഖലയിൽത്തന്നെ ഈ സ്ഥാപനത്തെ നിലനിർത്തണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയയ്ക്കുകയും ചെയ്തെങ്കിലും കേന്ദ്ര സർക്കാരിന്റ നിലപാടിൽ മാറ്റമുണ്ടാകാത്തതിനാൽ

എച്ച്.എൻ.എൽ-ന്റെ ആസ്തി ഒരു രൂപ നിരക്കിൽ ഏറ്റെടുക്കാൻ തയ്യാറാണെന്ന് സർക്കാർ അറിയിക്കുകയുണ്ടായി. എച്ച്.എൻ.എൽ-ന്റെ ഹോൾഡിംഗ് കമ്പനിയായ എച്ച്.പി.സി.എൽ. ലിക്വിഡേഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും ഒഫിഷ്യൽ ലിക്വിഡേറ്ററെ നിയമിക്കുകയും ചെയ്ത സാഹചര്യത്തിൽ കോടതി മുഖാന്തരം എച്ച്.എൻ.എൽ.-നെ ലിക്വിഡേഷനിൽനിന്നും ഒഴിവാക്കി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ശ്രീ. ഷാഫി പറമ്പിൽ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തിയതിനുശേഷം പ്രതിപക്ഷം ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV സബ്മിഷൻ

(1) <u>അഗ്നിരക്ഷാനിലയം</u>

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: പന്തളത്ത് അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം പന്തളം കുരമ്പാല വില്ലേജിൽനിന്നും കൈമാറ്റം ചെയ്തുനൽകാൻ നഗരസഭാ കൗൺസിൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്. വകുപ്പുതല പഠനം നടത്തി ലഭ്യമാക്കിയ മുൻഗണനാ ലിസ്റ്റിൽ പന്തളത്തെയും ഉൾപ്പെടുത്തുന്നതാണ്.

(2) ധനസഹായ അപേക്ഷകൾക്കുള്ള കാലാവധി

ശ്രീ. അൻവർ സാദത്ത്: പ്രളയദുരന്തത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള കാലാവധി ജൂലൈ 31 വരെ നീട്ടി നൽകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രളയത്തിൽ രണ്ട് ദിവസത്തിലധികം വെള്ളം കെട്ടിക്കിടന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വീടുകളിൽ താമസിച്ചിരുന്ന കുടുംബങ്ങൾക്ക് 10,000 രൂപ വീതം അടിയന്തരസഹായം നൽകിയിട്ടുണ്ട്. പ്രസ്തുത ദുരിതാശ്വാസം ലഭിക്കാത്തവരുടെ അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് ധനസഹായം അനുവദിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള തീയതി നീട്ടിക്കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല.

(3) താലൂക്ക് രൂപീകരണം

ശ്രീ. പി. സി. ജോർജ്: മീനച്ചൽ താലൂക്ക് വിഭജിച്ച് ഈരാറ്റുപേട്ട കേന്ദ്രമായി പൂഞ്ഞാർ താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാകളക്ടർമാർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് നിയോഗിച്ച ലാന്റ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിലുള്ള ടീമിന്റെ റിപ്പോർട്ട് ലഭ്യമായതിനുശേഷം ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(4) തുക അനുവദിക്കൽ

ശ്രീ. എ. പ്രദീപ്കുമാർ: തദ്ദേശഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള ബില്ലുകൾക്ക് തുക അനുവദിച്ച് വാർഷികപദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കഴിഞ്ഞ സാമ്പത്തികവർഷം 85 ശതമാനം തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചത്. കഴിഞ്ഞ വർഷം അനുവദിച്ച തുക അധികമായി ഈ വർഷം നൽകണമെന്നുള്ളതുകൊണ്ടാണ് 20 ശതമാനം തുക അധീഷണലായി തദ്ദേശഭരണ

സ്ഥാപനങ്ങളുടെ പ്ലാനിൽ ഉൾക്കൊള്ളിക്കാമെന്ന് ഉത്തരവ് നൽകിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമാണെങ്കിൽ കൂടുതൽ തുക അനുവദിക്കാമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

(5) സ്മാരകം

ശ്രീ. എസ്. ശർമ്മ: പണ്ഡിറ്റ് കെ. പി. കറുപ്പന് കൊച്ചി നഗരത്തിൽ സ്മാരകം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പണ്ഡിറ്റ് കെ. പി. കറുപ്പന്റെ സ്മരണാർത്ഥം വൈപ്പിൻ നിയോജകമണ്ഡലത്തിലെ ചക്കരക്കടവിൽ സ്മാരകം നിർമ്മിക്കുന്നതിനായി കെ. പി. കറുപ്പൻ ട്രസ്റ്റ് സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിന്മേൽ ജില്ലാകളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

(6) ക്യാൻസർ ചികിത്സാ സൗകര്യം

ശ്രീ. കെ. ബാബു: ക്യാൻസർ ബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ക്യാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കാൻ നടപടി

സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും കീമോതെറാപ്പിയും പാലിയേറ്റീവ് കെയറും ആരംഭിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി പാലക്കാട് ജില്ലാ ആശുപത്രിയിൽ ക്യാൻസർ ചികിത്സാ സംവിധാനങ്ങൾ അനുവദിച്ചിട്ടുണ്ടെങ്കിലും റേഡിയേഷൻ സൗകര്യം ലഭ്യമല്ല. നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും റേഡിയോതെറാപ്പി വിദഗ്ദ്ധന്റെ തസ്തിക അനുവദിച്ചും ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചും പ്രസ്തുത ആശുപത്രിയിൽ ക്യാൻസർ സെന്റർ ഒരുക്കുന്നതാണ്.

(7) മെഡിക്കൽ കോളേജിന്റെ നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി

കരാറുകാരന് ആദ്യഗഡു അനുവദിച്ച് കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം കൂടുതൽ തുക വകയിരുത്തുകയും അക്കാദമി കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് കാസർഗോഡ് വികസന പാക്കേജിന്റെ ഭാഗമായി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതാണ്.

## (8) ലക്ചറർ നിയമനം

ശ്രീ. എ. എൻ. ഷംസീർ: സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് യോഗ്യതയുള്ളവരെ ഡയറ്റിൽ ലക്ചറർമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): നിലവിലുള്ള സ്പെഷ്യൽ റൂളിൽ യോഗ്യത, പ്രായപരിധി, സർവ്വീസിന്റെ അഭാവം തുടങ്ങി നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെടുകയും ഡയറ്റിലെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് തടസ്സം നേരിടുകയും ചെയ്ത സാഹചര്യത്തിൽ ഒഴിവുകൾ നികത്തുന്നതിന് അനുമതി നൽകുകയും 143 അദ്ധ്യാപകരെ താല്ക്കാലികമായി നിയമിക്കുകയും ചെയ്തു. സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് സ്ഥിര നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (9) തടവുകാർ ജയിൽചാടിയ സംഭവം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അട്ടക്കുളങ്ങര വനിതാ ജയിലിൽനിന്നും ചാടിയ തടവുകാരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വനിതാ സൂപ്രണ്ടിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ വനിതാ ജയിലിൽ നിന്നും ചാടിയ പ്രതികളെ കണ്ടെത്തുന്നതിനുള്ള അന്വേഷണം നടന്നുവരികയാണ്. പ്രതികൾ ജയിലിൽ കഴിഞ്ഞ അവസരത്തിൽ നടത്തിയിട്ടുള്ള ഫോൺവിളികളുടെ വിവരങ്ങൾ ശേഖരിക്കുകയും എല്ലാ പോലീസ് സ്റ്റേഷനുകൾക്കും പ്രതികളുടെ ചിത്രങ്ങൾ കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രതികൾക്ക് ജയിൽചാടുന്നതിന് സഹായം ലഭിച്ചിട്ടുണ്ടോയെന്നതും അന്വേഷിക്കുന്നതാണ്.

## (10) പാരിസ്ഥിതിക പ്രശ്നം

ശ്രീ. വി. ഡി. സതീശൻ: പറവൂരിൽ കെ.എസ്.ഇ.ബി. 110 കെ. വി. ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): പള്ളിപ്പുറം, മുനമ്പം, ചെറായി, എടവനക്കാട് പ്രദേശങ്ങളിലെ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് വർഷങ്ങൾക്കുമുമ്പ് ഭരണാനുമതി നൽകിയ ചെറായി 110

കെ.വി. സബ്സ്റ്റേഷനും മന്നം-ചെറായി പ്രസരണ ലൈനും നിയമാനുസൃതമായി റൂട്ട് ഫൈനലൈസ് ചെയ്ത് ലൈൻ നിർമ്മാണം ആരംഭിച്ചു. പ്രസ്തുത ലൈൻ റൂട്ടിനെതിരെ ശാന്തിവനം ഭൂവുടമ നൽകിയ പരാതിയിന്മേൽ എ.ഡി.എം.-ന്റെ നിർദ്ദേശമനുസരിച്ച് ഭൂമിയുടെ വടക്കേ അതിർത്തിയിലേയ്ക്ക് ടവർ മാറ്റി സ്ഥാപിക്കത്തക്കവിധം കെ.എസ്.ഇ.ബി. സമർപ്പിച്ച ആൾട്ടർനേറ്റ് റൂട്ട് ലൈൻ സ്ഥലമുടമ നിരസിച്ചതിനെത്തുടർന്ന് കെ.എസ്.ഇ.ബി. നിർദ്ദേശിച്ച റൂട്ട് അംഗീകരിച്ച് എ.ഡി.എം. ഉത്തരവിടുകയും ലൈൻ നിർമ്മാണത്തിന് അനുമതി നൽകുകയുമാണുണ്ടായത്. ലൈൻ നിർമ്മാണം ആരംഭിച്ചശേഷം ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നാശനഷ്ടങ്ങൾ പരമാവധി കുറയ്ക്കുന്ന നിലയിൽ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടവർ സ്ഥാപിക്കുന്നതിനായി ഉപയോഗിച്ച ഭൂമിക്കും മുറിച്ചുമാറ്റിയ മരങ്ങൾക്കും നിയമാനുസൃത നഷ്ടപരിഹാരം നൽകുന്നതാണ്. നിയമപരമായ നടപടിക്രമങ്ങളെല്ലാം പൂർത്തിയായി ലൈൻനിർമ്മാണം അന്തിമഘട്ടത്തിലായതിനാൽ പ്രവൃത്തിയിൽ മാറ്റം വരുത്താൻ കഴിയുന്നതല്ല. ഇക്കാര്യത്തിൽ ന്യായമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

(11) <u>കഞ്ചിക്കോട് - പുതുശ്ശേരി വ്യവസായ മേഖല</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: കഞ്ചിക്കോട് വ്യവസായ മേഖല നേരിടുന്ന

പ്രതിസന്ധി പരിഹരിക്കുന്നതിനും സ്പെഷ്യൽ ഇക്കണോമിക് സോണാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കഞ്ചിക്കോട്-പുതുശ്ശേരി വ്യവസായമേഖലകളിലായി നിലവിൽ 318 സ്ഥാപനങ്ങളും മറ്റ് ഏജൻസികളുടെ കീഴിലുള്ള വ്യവസായ ഭൂമിയിൽ 93 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി പ്രസ്തുത വ്യവസായ ഏരിയകളിൽ റോഡ് വികസന പ്രവർത്തനങ്ങൾ നടന്നുവരികയും പവർ സപ്ലൈ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുമാണ്. കഞ്ചിക്കോട്-പുതുശ്ശേരി വ്യവസായ മേഖലകളിൽ തൊഴിൽപ്രശ്നങ്ങൾമൂലമുള്ള സമരങ്ങളോ അടച്ചുപൂട്ടലോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂലിവർദ്ധനവ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രണ്ട് സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് ഇടപെട്ട് പ്രശ്നം പരിഹരിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സ്ഥലവിലയുടെ 50 ശതമാനം നൽകി സ്ഥലമേറ്റെടുക്കുന്നതിനും ബാക്കി 50 ശതമാനം അടുത്ത വർഷംകൊണ്ട് നാലുതവണകളായി അടച്ചുതീർക്കുന്നതിനും പ്രസ്തുത കാലയളവിൽ നൽകേണ്ട പലിശ 9 ശതമാനം നിരക്കിൽ സർക്കാർ സ്ഥാപനങ്ങൾ വഴി നൽകുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ചില പ്രദേശങ്ങളെ സ്പെഷ്യൽ

ഇക്കണോമിക് സോണാക്കി മാറ്റണമെന്നുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

## V റിപ്പോർട്ടുകളുടെ സമർപ്പണം

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, X, XII, XIV എന്നിവയുടെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകളും 2018-19 സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനെട്ട്, പത്തൊൻപത് റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടു.

## VI ധനകാര്യം

(1) 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

(2) 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും

സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം
(2177,71,03,000 രൂപ)

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്
(198,93,44,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും
(1041,46,60,000 രൂപ)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും

അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

<u>ശ്രീ. ബി. സത്യൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വെങ്ങാനൂരിലെ അയ്യങ്കാളി സ്മൃതിമണ്ഡപം തുറന്നുപ്രവർത്തിപ്പിക്കാൻ അനുമതി നൽകിയ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നതോടൊപ്പം അയ്യങ്കാളി സ്ഥാപിച്ച സ്കൂളിനെ മാതൃകാസ്കൂളാക്കി ഉയർത്തുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ

ഉന്നമനത്തിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഭൂരഹിതരും ഭവനരഹിതരുമായവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾവഴി സഹായങ്ങളെത്തിക്കുന്നതിനും നടപടി സ്വീകരിക്കണം. എക്സൈസ് വകുപ്പിനെ ജനകീയമാക്കാൻ സാധിച്ചതും മയക്കുമരുന്നിന്റെ ദോഷവശങ്ങളെക്കുറിച്ച് സ്കൂൾ/കോളേജ് തലങ്ങളിലും പൊതുജനങ്ങൾക്കിടയിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ സാധിച്ചതും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്ലാൻ ഫണ്ട് പ്രളയത്തിന്റെ പേരിൽ വെട്ടിക്കുറയ്ക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി (GCDA)-യിൽ ടൗൺ പ്ലാനിംഗ് ഓഫീസർ, ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികകളിൽ ഒന്നും രണ്ടും റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാത്തതിനെക്കുറിച്ച് പരിശോധിക്കണം. കേരളത്തിൽ നിക്ഷേപം നടത്താനാഗ്രഹിക്കുന്ന വ്യവസായികൾക്കാവശ്യമായ സഹായം നൽകാൻ തയ്യാറാകണം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ സമ്മർദ്ദങ്ങൾ അതിജീവിച്ച് നവകേരളം കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങളാണ് ഗവൺമെന്റ് നടത്തുന്നത്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും ആരോഗ്യകരമായ തൊഴിൽ സംസ്കാരം വളർത്തിയും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ചും സാമൂഹ്യ സുരക്ഷാപദ്ധതികൾ നടപ്പാക്കിയും തൊഴിൽ മേഖലയിൽ കേരളം രാജ്യത്തിനുതന്നെ മാതൃകയായിരിക്കുകയാണ്. ഇതരസംസ്ഥാന തൊഴിലാളികൾക്ക് സൗജന്യ ചികിത്സ, അപകട ഇൻഷുറൻസ് എന്നിവ ഏർപ്പെടുത്തിയത് അഭിനന്ദനാർഹമാണ്. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കാനും നടപടി സ്വീകരിക്കണം. ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ ശമ്പളപരിഷ്കരണത്തിലെ അപാകത പരിഹരിക്കണം. കള്ള് വ്യവസായത്തിനുമാത്രമായി നിയമനിർമ്മാണം നടത്താനും സ്കൂൾ പാചക തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും മിനിമം കൂലി നടപ്പാക്കാനും തയ്യാറാകണം. ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ പോലീസ്, എക്സൈസ് വകുപ്പുകളിൽ നിയമിച്ച സർക്കാർ നടപടി അഭിനന്ദനാർഹമാണ്.

ശ്രീ. ഒ. ആർ. കേളു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് മാതൃകാപരമായ ക്ഷേമപ്രവർത്തനങ്ങളും പദ്ധതികളുമാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വിപണിസാധ്യത വർദ്ധിപ്പിക്കുന്നതിനും ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സിവിൽ സർവ്വീസ് പരിശീലനം നൽകുന്നതിനും സ്വീകരിച്ച നടപടി ശ്രദ്ധേയമാണ്. തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്നതിനും അനുകൂല തൊഴിൽ സാഹചര്യങ്ങൾ ഒരുക്കുന്നതിനും പ്രവാസികൾക്ക് പരിരക്ഷ നൽകുന്ന പദ്ധതികൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രളയാനന്തരം വീടുകൾ നഷ്ടപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും ഗൃഹനിർമ്മാണത്തിനുള്ള തുക വർദ്ധിപ്പിക്കുന്നതിനും സ്വന്തമായി വീടില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിനുള്ള ബൃഹത് പദ്ധതി ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് മദ്യവ്യാപനം

നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതിനും വീര്യം കുറഞ്ഞ മദ്യം വിപണനം ചെയ്യുന്നതിനും കേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും തയ്യാറാകണം. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സർക്കാർ ഏറ്റെടുക്കണം.

<u>ശ്രീ. പി. ടി. എ. റഹീം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മലപ്പുറം ജില്ലയിലെ വാഴയൂർ വില്ലേജിൽ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൈനോറിറ്റീസ് സ്റ്റഡീസ്, കേരള എന്ന സ്ഥാപനം തുടങ്ങാനുള്ള നടപടി അഭിനന്ദനാർഹമാണ്. ന്യൂനപക്ഷക്ഷേമവകുപ്പും കുടുംബശ്രീയും ചേർന്ന് നടത്തുന്ന ജില്ലാതല മൊബിലൈസേഷൻ ക്യാമ്പയിൻ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്ന നടപടി പ്രശംസനീയമാണ്. സ്കൂളുകളുടെ പരിസരത്ത് മയക്കുമരുന്ന് വിൽപ്പന നിരോധിക്കാൻ എക്സൈസ് വകുപ്പ് ഇടപെടണം.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചതും അവരുടെ വിദേശപഠനത്തിനാവശ്യമായ ഇടപെടൽ നടത്തുന്നതും സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതും ശ്ലാഘനീയമാണ്. എക്സൈസ് വകുപ്പുദ്യോഗസ്ഥരുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ കഞ്ചാവ് വില്പന പ്രതിരോധിക്കാൻ സാധിച്ചിട്ടുണ്ട്. റെയിൽവേ അധികൃതരുമായി സഹകരിച്ച് ട്രെയിൻ മാർഗ്ഗമുള്ള കഞ്ചാവ് കടത്തൽ തടയണം. പട്ടികജാതി ജനസംഖ്യ

കൂടുതലുള്ള മണ്ഡലങ്ങളിൽ ആനുപാതികമായി പദ്ധതികൾ വിഭജിച്ചുനൽകുന്ന കാര്യം പരിശോധിക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ. പി.: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രവാസി ക്ഷേമത്തിനായി 81 കോടി രൂപ അനുവദിച്ച നടപടി സ്വാഗതാർഹമാണ്. വിമാനയാത്രാക്കൂലി കുറയ്ക്കാൻ സ്വന്തമായി വിമാന കമ്പനി തുടങ്ങുകയോ വിദേശ വിമാനകമ്പനികളിൽ കേരള സർക്കാർ ഷെയറെടുത്ത് പ്രവാസികൾക്കുവേണ്ടി പ്രത്യേക സ്കീം അനുവദിക്കുകയോ ചെയ്യുന്ന കാര്യം ആലോചിക്കണം. വിസതട്ടിപ്പ് തടയുന്നതിനായി വിദേശരാജ്യങ്ങളിൽ പോകുന്നവരുടെ വിസ പരിശോധനയ്ക്ക് വിധേയമാക്കണം. പ്രവാസികളുടെ സ്വയംതൊഴിൽ സംരംഭവായ്പാ പദ്ധതിയിലെ കാലതാമസം ഒഴിവാക്കാൻ പ്രത്യേക ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കണം. കൈവല്യ പദ്ധതി വിപുലീകരിക്കാൻ തയ്യാറാകണം. ടൂറിസം, വേസ്റ്റ് മാനേജ്മെന്റ്, ആരോഗ്യം, ബയോമെഡിക് ഇൻസ്ട്രുമെന്റേഷൻ തുടങ്ങിയ തൊഴിൽസാധ്യതയുള്ള മേഖലകളിൽ പ്രയോജനപ്പെടുന്നവിധം ഐ.ടി.ഐ. കോഴ്സുകളിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും എൻ.സി.വി.റ്റി.-യിൽ ശിപാർശ ചെയ്യണം. സാനിട്ടറി ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായവർക്ക് ആരോഗ്യ-രോഗപ്രതിരോധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കണം. മയക്കുമരുന്ന് വ്യാപനം തടയാൻ ശക്തമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. കാരാട്ട് റസാഖ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോഴിക്കോട് ഹജ്ജ് എംബാർക്കേഷൻ സെന്റർ ആരംഭിക്കാനുള്ള നടപടിയും വഖഫ് കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക ട്രൈബ്യൂണൽ ആരംഭിച്ചതും സ്വാഗതാർഹമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി ഓരോ കോളനികൾക്കും പ്രത്യേക പാക്കേജ് രൂപീകരിക്കണം.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആലത്തൂർ താലൂക്കിലെ മംഗലംഡാം വില്ലേജിലെ മൂർത്തിക്കുന്നിലെ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. എക്സൈസ്-പോലീസ് വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ടുമെന്റിലൂടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ജോലി നൽകാനും 250 എസ്.സി. സങ്കേതങ്ങൾ അംബേദ്കർ ഗ്രാമങ്ങളാക്കി മാറ്റാനും പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി നിരവധി പ്രവർത്തനങ്ങൾ നടത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. സി. മമ്മൂട്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തുഞ്ചത്തെഴുത്തച്ഛന്റെ നാമധേയത്തിൽ തിരൂരിൽ മലയാളം സർവ്വകലാശാല സ്ഥാപിക്കുമെന്ന് മുൻ യു.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച് ഉദ്ഘാടനം നിർവ്വഹിച്ചെങ്കിലും സർവ്വകലാശാലയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ന്യായവില നിശ്ചയിക്കൽ നടപടി ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

ശ്രീ. ജോൺ ഫെർണാണ്ടസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആംഗ്ലോ ഇന്ത്യൻ സമുദായവും ദളിത് ക്രൈസ്തവരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. കൊങ്കണി ഭാഷാ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് അടിയന്തരമായി ലഭ്യമാക്കണം. മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കണ്ടെത്താൻ എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് വിംഗ് രൂപീകരിക്കണം. ബിവറേജസ് കോർപ്പറേഷനിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കണം.

ശ്രീ. കെ. സി. ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുൾപ്പെടെ ആന്റി ഡ്രഗ് ക്യാമ്പയിൻ സംഘടിപ്പിക്കണം. പ്രവാസികളുടെ നിക്ഷേപങ്ങൾ സുരക്ഷിതമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഗൾഫ് രാജ്യങ്ങളിൽനിന്നും മടങ്ങിവരുന്നവർക്ക് സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കാനുള്ള അനുകൂല സാഹചര്യമൊരുക്കണം. വിദേശത്തുവച്ച് മരണപ്പെടുന്ന മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കണം. ലോക കേരള സഭയുടെ ശിപാർശകൾ നടപ്പിലാക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ദേശീയ

തലത്തിൽ തൊഴിലാളി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ട്രേഡ് യൂണിയൻ സംഘടനകളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തൊഴിലാളി-തൊഴിലുടമ ബന്ധം ശക്തിപ്പെടുത്തുന്നതാണ്. 30 മേഖലകളിൽ മിനിമംകൂലി പുതുക്കി നിശ്ചയിക്കുകയും ബാക്കി മേഖലകളിൽ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതാണ്. ക്ഷേമനിധി പെൻഷൻ 1200 രൂപയായി വർദ്ധിപ്പിക്കുകയും കർഷകത്തൊഴിലാളികളുടെ കുടിശ്ശിക ആനുകൂല്യങ്ങൾ കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ഇതരസംസ്ഥാന തൊഴിലാളികൾക്കായി 'ആവാസ്' പദ്ധതി ആവിഷ്കരിക്കുകയും 'അപ്നാ ഘർ' പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മിനിമം കൂലി നൽകുന്നതിൽ വീഴ്ച വരുത്തുന്നവർക്കുള്ള പിഴ രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും തൊഴിലാളിയുടെ കുറഞ്ഞ കൂലി 600 രൂപയാക്കുന്നതിനും സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെ വ്യവസായ തർക്ക നിയമത്തിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയ്ക്കുള്ള അപേക്ഷ ലഭിക്കുന്ന ദിവസംതന്നെ

അവ നൽകുന്നതിനുള്ള നിയമഭേദഗതി അംഗീകരിച്ചിട്ടുണ്ട്. തൊഴിൽ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വേതനം ഉറപ്പുവരുത്തുന്നതിനും വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നതിനും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും തൊഴിലാളികൾക്കും അവാർഡ് നൽകുന്നതിനും നടപടിയെടുത്തിട്ടുണ്ട്. പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിച്ച് നിലവാരം ഉയർത്തുന്നതിനും കാലാനുസൃതമായ ട്രേഡുകൾ ആരംഭിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സാനിട്ടറി ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് ആരംഭിക്കുന്നതും ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ ശമ്പളപരിഷ്കരണവും പരിഗണനയിലാണ്. ഒഡെപെക് മുഖേന വിദേശ റിക്രൂട്ട്മെന്റ് നടപ്പാക്കുന്നതാണ്. ഇ.എസ്.ഐ. സംവിധാനം ദുർബ്ബലപ്പെടുത്തുന്ന കേന്ദ്ര നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കള്ള് വ്യവസായം സംരക്ഷിക്കാനും ടോഡി വെൽഫെയർ ബോർഡ് രൂപീകരിക്കാനും തെങ്ങുകൃഷി വിപുലപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾക്കുപുറമെ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് മയക്കുമരുന്നുവേട്ട

ഊർജ്ജിതമാക്കിയിട്ടുണ്ട്. 'വിമുക്തി'-യുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്. എറണാകുളം ജില്ലയിലെ ഇ.എസ്.ഐ. ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവൽക്കരിച്ചതോടൊപ്പം അവിടെ രജിസ്റ്റർ ചെയ്ത അഭ്യസ്തവിദ്യരെക്കുറിച്ച് സർവ്വേ നടത്തുന്നതുമാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സാമ്പത്തിക പ്രതിസന്ധിക്കിടയിലും പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ വമ്പിച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസവും മെച്ചപ്പെട്ട തൊഴിലവസരങ്ങളും നൽകാൻ സാധിച്ചതിന്റെ ഫലമായി ഈ വിഭാഗത്തിൽപ്പെട്ടവരുടെ എസ്.എസ്.എൽ.സി., പ്ലസ് ടു വിജയശതമാനം കൂടിയിട്ടുണ്ട്. ഹോസ്റ്റലിൽ പോകാത്തവരും വീടുകളിൽ പഠിക്കാൻ സൗകര്യമില്ലാത്തവരുമായ പട്ടികജാതി വിഭാഗത്തിന് വീടിനോടനുബന്ധിച്ച് പഠനമുറിയും പട്ടികവർഗ്ഗ വിഭാഗത്തിന് സാമൂഹ്യ പഠനമുറിയും ആവിഷ്കരിച്ചിട്ടുണ്ട്.

ടി.ടി.സി., ബി.എഡ്. തുടങ്ങിയ കോഴ്സുകൾ പാസ്സായ ആദിവാസി കുട്ടികൾക്ക് മെന്റർ ടീച്ചർമാരായി ജോലി നൽകാൻ കഴിഞ്ഞതുവഴി ഈ മേഖലയിലെ അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങളുണ്ടാക്കാനും വയനാട് ജില്ലയിലുൾപ്പെടെ ഗോത്രവിഭാഗങ്ങളുടെ കൊഴിഞ്ഞുപോക്ക് കുറച്ചുകൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. മെന്റർ ടീച്ചർ സംവിധാനം സാർവ്വത്രികമാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 4500 രൂപ വീതം ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഹോസ്റ്റലുകളും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും നവീകരിക്കുകയും റെസിഡന്റ് ട്യൂട്ടർമാരെ നിയമിക്കുകയും ചെയ്തതോടുകൂടി നൂറ് ശതമാനം വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഗോത്രജീവിക പദ്ധതി രൂപീകരിച്ച് 56 ലേബർ കോൺട്രാക്ട് സൊസൈറ്റികൾ മുഖാന്തരം പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിലെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുക്കുകയാണ്. 134 നഴ്സിംഗ് ബിരുദധാരികൾക്ക് സർക്കാർ ആശുപത്രികളിൽ ദ്വിവത്സര തൊഴിൽ പരിചയ പരിപാടിക്ക് തുടക്കമിടുകയും 1641 പേർക്ക് സ്വയംതൊഴിൽ ആരംഭിക്കാനുള്ള സഹായം നൽകുകയും പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന 15432 പേർക്ക് സ്വയംതൊഴിൽ വായ്പ നൽകുകയും ചെയ്തിട്ടുണ്ട്. ഗദ്ദിക മേളകൾ സംഘടിപ്പിക്കുകയും ഓൺലൈൻ ആഗോള മാർക്കറ്റിംഗ് ശൃംഖലയായ ആമസോണിൽ പരമ്പരാഗത ഉല്പന്നങ്ങൾ

ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റിൽനിന്നും ലഭിച്ച വനഭൂമി ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരികയാണ്. ലൈഫ് പദ്ധതിയിൽപ്പെടാത്ത പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ഒന്നര ലക്ഷം രൂപയുടെ ധനസഹായം നൽകിവരുന്നു. 200 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകുന്നതിനും സ്വകാര്യ സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിന് 30 വിദ്യാർത്ഥികൾക്ക് 'ലക്ഷ്യ' എന്ന പേരിൽ 1,55,000/- രൂപ വരെ ധനസഹായം നൽകുന്നതിനുമുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. പ്ലസ് ടു പാസ്സായവർക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകൾക്ക് കോച്ചിംഗ് നൽകുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നതും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ കുടുംബശ്രീ യൂണിറ്റുകൾക്ക് തൊഴിൽവായ്പ അനുവദിക്കുന്നതും പാലക്കാട് വടക്കഞ്ചേരിയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതുമാണ്. മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുള്ള സങ്കേതങ്ങളെ അംബേദ്കർ ഗ്രാമം പരിപാടിയിൽ ഉൾപ്പെടുത്തുന്നതും കിഫ്ബിയിലുൾപ്പെടുത്തിയ എം.ആർ.എസ്.-കളുടെയും പ്രീമെട്രിക് ഹോസ്റ്റലുകളുടെയും നിർമ്മാണപ്രവൃത്തികൾ ഈ വർഷം ആരംഭിക്കുന്നതുമാണ്. ബി.ടെക്. പരീക്ഷ പാസ്സാകാത്ത വിദ്യാർത്ഥികൾക്ക്

പ്രത്യേക റെമഡിയൽ കോച്ചിംഗ് നൽകുന്നതും വിദേശരാജ്യങ്ങളിൽ തൊഴിൽ കണ്ടെത്താൻ താൽപ്പര്യമുള്ളവർക്ക് വിസ, വിമാനക്കൂലി എന്നിവയ്ക്കായി ഒരുലക്ഷം രൂപ വീതം നൽകുന്നതുമാണ്. ആറളം, ചീമേനി, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാം എന്നിവിടങ്ങളിലെ കൃഷിഭൂമിയിൽ ഓർഗാനിക് ഫാമിംഗ് ആരംഭിക്കുന്നതും സ്വന്തമായി ഒരേക്കറിൽ കൂടുതൽ കൃഷിഭൂമിയുള്ള പട്ടികവർഗ്ഗക്കാരുടെ 30 വീടുകളുൾക്കൊള്ളുന്ന സംഘം രൂപീകരിച്ച് പാരമ്പര്യകൃഷി പ്രോത്സാഹിപ്പിക്കുന്നതുമാണ്. എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കുന്നതിനും തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിപാടിയിലൂടെ 1400 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഇടുക്കിയിൽ 'ഗോത്രരശ്മി' പദ്ധതി ആരംഭിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ ആദിവാസി വിദ്യാർത്ഥികൾക്കുവേണ്ടി ഒരു സ്പോർട്സ് സ്കൂളും അട്ടപ്പാടിയിൽ ഒരു എം.ആർ.എസ്.-ഉം ആരംഭിക്കുന്നതും 'ഗോത്രബന്ധു' പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതുമാണ്. ജില്ലയിൽ ഒരു സാംസ്കാരിക സമുച്ചയം എന്ന പദ്ധതിയിലുൾപ്പെടുത്തി വെങ്ങാനൂരിലെ അയ്യങ്കാളി സ്മാരകത്തെ തീർത്ഥാടനകേന്ദ്രമാക്കി മാറ്റുന്ന കാര്യം പരിഗണിക്കുന്നതാണ്. ജി.സി.ഡി.എ.-യിലെ നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതാണ്. പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട പട്ടികവർഗ്ഗ

വിഭാഗങ്ങളിൽപ്പെട്ട 450 കുടുംബങ്ങൾക്ക് വകുപ്പിനുകീഴിൽ വീട് അനുവദിക്കുകയും ബാക്കിയുള്ളവ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതാണ്. വടക്കാഞ്ചേരി മോഡൽ റെസിഡൻഷ്യൽ സ്കൂളിലേയ്ക്കുള്ള റോഡിന് പ്രത്യേക ഫണ്ട് അനുവദിക്കുന്നതും പട്ടാമ്പി കോളേജിനോട് ചേർന്നുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ കെട്ടിടം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമോയെന്നതും പരിശോധിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിമാനയാത്രാക്കൂലി വർദ്ധനവിനെ സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും അനുകൂല തീരുമാനമുണ്ടായിട്ടില്ല. വിദേശരാജ്യങ്ങളിലേയ്ക്ക് തൊഴിൽ അന്വേഷിച്ച് പോകുന്നവർക്കായി സംഘടിപ്പിച്ചിട്ടുള്ള പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ വിപുലപ്പെടുത്തുന്നതും ബിസിനസ്സ് സംരംഭം ആരംഭിക്കാൻ ഏകജാലക സംവിധാനം കാര്യക്ഷമമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതുമാണ്. ലോക കേരള സഭ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരുടെ യോഗം പരിശോധിക്കുകയും 10 നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരികയുമാണ്. എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി, എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരണം, വനിതാ എൻ.ആർ.ഐ. സെൽ, പ്രീ-എംബാർക്കേഷൻ

ഓറിയന്റേഷൻ സെന്റർ, അന്താരാഷ്ട്ര മൈഗ്രേഷൻ സെന്റർ തുടങ്ങിയ പുതിയ പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. വികസന പ്രക്രിയയിൽ പ്രവാസികൾക്ക് പങ്കാളിത്തം ഉറപ്പാക്കുന്നതിനും എല്ലാ തലത്തിലും നിക്ഷേപം കൊണ്ടുവരുന്നതിനുമുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. വ്യവസായ വകുപ്പുമായി ചേർന്ന് പ്രവാസികൾക്കിടയിൽ ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ പരിപാടി നടത്താൻ ആലോചിക്കുന്നുണ്ട്. പ്രവാസികൾക്കായുള്ള കോൾ സെന്റർ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. പ്രതിപക്ഷ നേതാവും പ്രതിപക്ഷ എം.എൽ.എ.-മാരും ലോക കേരള സഭയിൽനിന്നും പിന്മാറാനുള്ള തീരുമാനം പുനരാലോചിക്കണം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ലോക കേരള സഭയിൽനിന്ന് വിട്ടുനിൽക്കാനുള്ള തീരുമാനം പ്രതിപക്ഷാംഗങ്ങൾ പിൻവലിക്കണം. ഭരണ-പ്രതിപക്ഷാംഗങ്ങളുടെ വ്യത്യസ്ത അഭിപ്രായങ്ങൾക്ക് സമവായമുണ്ടാക്കാൻ ചെയർ സന്നദ്ധമാണ്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വഖഫ് ബോർഡിന് സോഷ്യൽ വെൽഫെയർ ഗ്രാന്റായി 5 കോടി 50 ലക്ഷം രൂപയും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റായി 4 കോടി 16 ലക്ഷം രൂപയും നൽകുകയും മൂന്നംഗ വഖഫ് ട്രിബ്യൂണൽ കോഴിക്കോട് ആസ്ഥാനമായി

പ്രവർത്തനമാരംഭിക്കുകയും അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ കണ്ടെത്തുന്നതിനായി സർവ്വേ കമ്മീഷനെ നിയമിക്കുകയും സർവ്വേ പ്രവൃത്തികൾ നടന്നുവരികയുമാണ്. വഖഫ് ആക്ടിന്റെ പരിഷ്കരിച്ച ചട്ടം നിലവിൽ വന്നിട്ടുണ്ട്. വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഹജ്ജ് ഹൗസിനോടനുബന്ധിച്ച് വനിതാ ബ്ലോക്കിന്റെ നിർമ്മാണമാരംഭിക്കാൻ തീരുമാനിക്കുകയും ഹജ്ജ് എംബാർക്കേഷൻ സെന്റർ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. 8 ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും 7 എണ്ണം ആരംഭിക്കാനുള്ള പദ്ധതി അന്തിമഘട്ടത്തിലുമാണ്. ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പുതിയ സ്കോളർഷിപ്പ് പദ്ധതികൾ തുടങ്ങുകയും എല്ലാ മണ്ഡലങ്ങളിലും ഓരോ പ്രീ-മാരിറ്റൽ കൗൺസലിംഗ് സെന്ററുകൾ ആരംഭിക്കാൻ തീരുമാനമെടുക്കുകയും മദ്രസ അദ്ധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മലയാളം സർവ്വകലാശാലയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഉന്നയിച്ച ആരോപണം അടിസ്ഥാനരഹിതമാണ്. നാക് അക്രെഡിറ്റേഷൻ നേടി പ്രസ്തുത സർവ്വകലാശാലയെ മഹത്തായ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(മലയാളം സർവ്വകലാശാല ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട വിഷയത്തിൽ നടത്തിയ മന്ത്രിയുടെ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ

ധനാഭ്യർത്ഥനയും  സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.33-ന് പിരിഞ്ഞു.